(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കെ.ഇ.ആർ. പ്രകാരമുള്ള അനുപാതം നിലനിർത്താൻ തീരുമാനമായിട്ടുണ്ട്. അദ്ധ്യാപക പാക്കേജുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ടാണ് തീരുമാനം.

ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ചുകൾക്ക് തസ്തിക അനുവദിക്കാൻ നടപടി

59 (5130) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ 2011 വർഷത്തിൽ എത്ര സ്കൂളുകൾക്ക് അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്കൂളുകളിൽ നാളിതുവരെയായി തസ്തിക നിർണ്ണയംനടത്തി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അറിയാമോ ;

(ബി) തസ്തികകൾ അനുവദിച്ചിട്ടില്ലെങ്കിൽ ആരംഭിച്ചുകഴിഞ്ഞ അധിക ബാച്ചുകളിലെ വിദ്യാർത്ഥികളുടെ അദ്ധ്യയനം നടക്കുന്നതിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ എന്നും എന്ത് അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരിക്കുന്നതെന്നും അറിയിക്കുമോ ;

(സി) 2011-ൽ അനുവദിച്ച അധികബാച്ചുകളിൽ ക്ലാസ്സെടുക്കുന്ന ഗസ്റ്റ് ലക്ചർമാർക്ക് ശമ്പളം കൊടുക്കുന്നുണ്ടോ ; എങ്കിൽ ഇല്ലാത്ത തസ്തികകളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) 2011-ൽ ഹയർസെക്കന്ററി സ്കൂളുകളിൽ അനുവദിച്ച അധിക ബാച്ചുകളിലെ താൽക്കാലിക അദ്ധ്യാപകർക്ക് ശമ്പളം നൽകുന്ന മാതൃക, അതിനുശേഷം ബാച്ച് അനുവദിക്കപ്പെട്ട സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കും ബാധകമാക്കി വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന ശമ്പളം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; എല്ലാവർക്കും ശമ്പളം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 181 ബാച്ചുകൾ- 653 തസ്തികൾ അനുവദിച്ചിട്ടുണ്ട്.

(സി) 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ച അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് 11-3-2015-ലെ സ.ഉ. (സാധാ) നമ്പർ956/15/പൊവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ പ്രിൻസിപ്പൽമാർക്കും ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 18-3-2015-ലെ എസിഡി സി3/42574/13/ എച്ച്എസ്ഇ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ഡി&ഇ) 2011-നുശേഷം പുതുതായി അനുവദിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിലെ അദ്ധ്യാപർക്ക് തസ്തിക നിർണ്ണയം പൂർത്തിയായാൽമാത്രമേ വേതനം നൽകുവാൻ കഴിയുകയുള്ളൂ. തസ്തിക നിർണ്ണയം ഇതുവരെയും പൂർത്തിയായിട്ടില്ല.

അസാപ് പാഠ്യപദ്ധതി

60 (5131) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് പുതുതായി തുടക്കം കുറിച്ച അസാപ് വഴി നടപ്പാക്കുന്ന പഠനപദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) അസാപ് പാഠ്യപദ്ധതി ആരംഭിച്ചതിനുശേഷം ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായ പുരോഗതി എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ; ഇതുവഴി വിദ്യാർത്ഥികൾക്ക് തൊഴിൽ സാധ്യത വർദ്ധിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) അസാപ്-ന്റെ സേവനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് വി.എച്ച്.എസ്.സി. വിഭാഗങ്ങളിലേക്ക് അസാപ് വ്യാപിപ്പിച്ചിട്ടുണ്ടോ ;

(ഇ) അസാപ് പാഠ്യപദ്ധതി സംസ്ഥാനത്തു മുഴുവൻ ഹയർസെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ടോ ?